കൊച്ചി നഗരസഭയുടെ സമ്പൂർണ്ണ കമ്പ്യൂട്ടറൈസേഷൻ

114 [889] പ്രൊഫ. കെ. വി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊച്ചി നഗരസഭയുടെ സമ്പൂർണ്ണ കമ്പ്യൂട്ടറൈസേഷൻ എന്ന് പൂർത്തിയാകും;

(ബി) പ്രസ്തുത പ്രോജക്ടിന് സാമ്പത്തിക സഹായം നൽകാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 31-3-2006-ന് പൂർത്തിയാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(ബി) ധനസഹായം നൽകുന്നുണ്ട്.

കൊച്ചി കോർപ്പറേഷനെ സംബന്ധിച്ച് ഓംബുഡ്സ്മാൻ പുറപ്പെടുവിച്ച ഉത്തരവുകൾ

115 [890] ശ്രീ. പി. ജെ. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊച്ചി കോർപ്പറേഷനെ സംബന്ധിച്ചും അതിന്റെ മേയറെപ്പറ്റിയും എന്തെല്ലാം ഉത്തരവുകൾ ഓംബുഡ്സ്മാൻ പാസ്സാക്കിയിട്ടുണ്ട്;

(ബി) പ്രസ്തുത ഉത്തരവുകളിന്മേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കൊച്ചി കോർപ്പറേഷനിലെ നിർമ്മാണ ശുചീകരണ പ്രവർത്തനങ്ങളുമായി ബന്ധപ്പെടുത്തി ഓംബുഡ്സ്മാനിൽ നിന്നും ചില നിർദ്ദേശങ്ങൾ/ഉത്തരവുകൾ ഉണ്ടായിട്ടുണ്ട്. എന്നാൽ മേയർക്കെതിരെ ഒ. പി. 272/2000, 704/2000, 1168/2000, 1440/2001, 231/2004 കേസ്സുകളിലായി വിവിധ വിഷയങ്ങളിൽ ഓംബുഡ്സ്മാൻ ഷോകോസ് നോട്ടീസ് പുറപ്പെടുവിച്ചിരുന്നെങ്കിലും ഹൈക്കോടതിയിലും സുപ്രീംകോടതിയിലും അതു സംബന്ധിച്ച വ്യവഹാര നടപടികളും സ്റ്റേ ഉത്തരവും നിലനിന്നുവരുന്നതിനാൽ ഓംബുഡ്സ്മാനിൽ നിന്നും മേയർക്കെതിരെ നടപ്പിലാക്കുവാൻ നിർദ്ദേശിച്ചുകൊണ്ട് അയയ്ക്കപ്പെട്ട ഉത്തരവുകളൊന്നും ഇപ്പോൾ പ്രാബല്യത്തിലില്ല.

LIBRARY ARCHIVES Kerala Legislative Assembly